കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# കുളക്കട ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2015-16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

e-mail:doklm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ. കെ.എൽ.എം. പി.8-1755/16 കേരളാ സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.
തീയതി – 27/12/2016

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കുളക്കട ഗ്രാമ പഞ്ചായത്ത്.

സർ,

വിഷയം : കുളക്കട ഗ്രാമപഞ്ചായത്ത്-2015-16 സാമ്പത്തികവർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

***********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുളക്കട ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി

പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ / തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :-
1) കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.
3) കാര്യാലയ പകർപ്പ്.

നം. കെ.എസ്.എ – കെ.എൽ.എം – പി.8-1755/16 തിയതി : 27/12/2016

## കൊല്ലം ജില്ലയിലെ കുളക്കട ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ കുളക്കട ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.2015 മുതൽ 31-03-2016 തീയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | | |
|---|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീമതി.ഗീത, ഡെപ്യൂട്ടി ഡയറക്ടർ . | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 13-10-2016 മുതൽ 22-10-2016 വരെ. | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീ.ജി.സജികുമാർ. | ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ) |
| | | ശ്രീ.ജഗദീഷ് | അസി.ഓഡിറ്റ് ഓഫീസർ |
| | | ശ്രീ.അനീഷ് | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | | ശ്രീ.രാകേഷ്.എം | ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ ഡി എസ് സുനിൽ | 01.04.2015 മുതൽ 31.10.2015 വരെ |
| | ശ്രീ പി ജയപ്രകാശ് (പ്രസിഡണ്ടിന്റെ അധിക ചുമതല) | 01.11.2015 മുതൽ 18.11.2015 വരെ |
| | ശ്രീമതി ജി സരസ്വതി | 19.11.2015 മുതൽ 31.03.2016 വരെ |
| സെക്രട്ടറി | ശ്രീമതി വി അജിത | 01.04.2015 മുതൽ 12.08.2015 വരെ |
| | ശ്രീ പി ജയപ്രകാശ് | 13.08.2015 മുതൽ 31.03.2016 വരെ |

| നിർവ്വഹണ ഉദ്യോഗസ്ഥർ | | | |
|---|---|---|---|
| ഉദ്യോഗപ്പേര് | | പേര് | കാലയളവ് |
| 1. കൃഷി ഓഫീസർ | | ശ്രീമതി. പുഷ്പ ജോസഫ് | 01-04-2015 മുതൽ 31-03-2016 വരെ |
| 2.വെറ്ററിനറി സർജൻ | 1 | ഡോ.ബിന്നി സാമുവൽ | 01-04-2015 മുതൽ 31-03-2016 വരെ |
| 3.വി ഇ ഒ. | 1 | ശ്രീമതി.ബേബി | 01-04-2015 മുതൽ 31-03-2016 വരെ |
| 4.അസി.എഞ്ചിനീയർ, എൽ.എസ്.ജി.ഡി | 1 | ശ്രീ.സുതികുമാർ | 01-04-2015 മുതൽ 25-08-2015 വരെ |
| | 2 | ശ്രീമതി.വിജ്ഞമോൾ ഡി | 26-08-2015 മുതൽ 13.09.2015 വരെ |
| | 3 | ശ്രീമതി.അനിത എസ് | 14-09-2015 മുതൽ 25-03-2016 വരെ |
| | 4 | ശ്രീമതി.അനശ്രീ | 26-03-2016 മുതൽ 31-03-2016 വരെ |
| 5.മെഡിക്കൽ ഓഫീസർ, സി എച്ച് സി | 1 | ഡോ. രാഹുൽ | 01-04-2015 മുതൽ 31-03-2016 വരെ |

| | | | |
|---|---|---|---|
| 6.മെഡിക്കൽ ഓഫീസർ, ഹോമിയോ | 1 | ഡോ.എം ജയകുമാർ | 01-04-2015 മുതൽ 31-03-2016 വരെ |
| 7.മെഡിക്കൽഓഫീസർ, ആയൂർവ്വേദം | 1 | ഡോ.അജ്ഞ്ന | 01-04-2015 മുതൽ 09-02-2016 ANവരെ |
| | 2 | ഡോ.അനിൽകുമാർ | 09-02-2016 FN മുതൽ 31-03-2016വരെ |
| 8.ഐ.സി.ഡി.എസ് സൂപ്പർവൈസർ | 1 | ശ്രീമതി.തുളസീഭായി | 01.04.2015 മുതൽ 31-08-2015വരെ |
| | 2 | ശ്രീമതി.എസ്.പ്രീയദർശിനി | 01.09.2015 മുതൽ 31-03-2016 വരെ |
| 9.ഹെഡ്മിസ്ട്രസ് | 1 | ശ്രീമതി.മറിയാമ്മ.പി.എസ് | 01-04-2015 മുതൽ 31-03-2016വരെ |
| 10.അസി.സെക്രട്ടറി | 1 | ശ്രീ വി സുജിത്ക്കുമാർ | 01-04-2015 മുതൽ 22.07.2015വരെ (23.07.2015 മുതൽ 18.08.2015 വരെ അസി. സെക്രട്ടറി ഇല്ല.) |
| | 2 | ശ്രീ റജിമോൻ എം | 19-08-2015 മുതൽ 31-03-2016വരെ |

ഉള്ളടക്കം



| ക്രമ.നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തനത് വരുമാനം. | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| | ഭാഗം – 2 | |
| 12 | ഇ ടെണ്ടർ പ്രകാരം ടെണ്ടർ ക്ഷണിച്ചിട്ടുള്ള പ്രവൃത്തികളുടെ ടെണ്ടർ ഫോറവില പഞ്ചായത്തിലേയ്ക്ക് തിരികെ ഒടുക്കുവരുത്തണം. | 2-1 |

| | | |
|---|---|---|
| | | |
| 13 | പഞ്ചായത്ത് കോമ്പൗണ്ടിൽ കൂട്ടിയിട്ടിരിക്കുന്ന മണ്ണ് ലേലം ചെയ്തില്ല 43500രൂപായുടെ നഷ്ടം | 2-2 |
| 14 | വ്യക്തികൾക്ക് പ്രത്യേക രശീതി നല്കാതെ ഒരു കൂട്ടം വ്യക്തികൾക്ക് ഒറ്റ രശീതി നല്കിയിരിക്കുന്നു. | 2-3 |
| 15 | തൊഴിൽ നികുതി ഈടാക്കിയില്ല. | 2-4 |
| 16 | ഡി&ഒ ലൈസൻസ് അപേക്ഷകൾ ഓഡിറ്റിന് ഹാജരാക്കിയില്ല. | 2-5 |
| ഭാഗം – 3 | | |
| 17 | മരാമത്ത് പ്രവൃത്തികളിൽ ക്രമപ്രകാരമല്ലാതെ കരാറിലേർപ്പെട്ടു | 3-1 |
| 18 | പുത്തൂർ മാർക്കറ്റ് നവീകരണവും ഓപ്പൺസ്റ്റാളും, ഉടമസ്ഥാവകാശം ഉറപ്പുവരുത്താതെ നിർമ്മാണ പ്രവൃത്തി ആരംഭിച്ചു, 733990 രൂപാ തടസ്സപ്പെടുത്തുന്നു | 3-2 |
| 19 | വായനശാലയ്ക്ക് ഫർണീച്ചർ (42 /16) പ്രോജക്ടിനായി ചിലവഴിച്ച 98080 രൂപാ നിരാകരിക്കുന്നു | 3-3 |
| 20 | ക്ലബ്ബുകൾക്ക് സ്പോർട്ട്സ് കിറ്റ് (40/16)എന്ന പ്രോജക്ടിനായി ചെലവഴിച്ച 100000 രൂപാ നിരാകരിക്കുന്നു | 3-4 |
| 21 | വി.ഇ. ഒ നിർവഹണം നടത്തിയ പ്രോജക്ടുകൾ-ആനുകൂല്യം വിതരണം ചെയ്യുന്നതിൽ അപാകതകൾ | 3-5 |

| | | |
|---|---|---|
| | | |
| 22 | വൈദ്യുതോപഭോഗം ഇല്ലാതെ വൈദ്യുതിചാർജ്ജിനത്തിൽ അടവാക്കിയ 1720 രൂപ തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ് | 3-6 |
| 23 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല, 20,00,000 രൂപാ തടസ്സപ്പെടുത്തുന്നു | 3-7 |
| 24 | ചാവറോഡ് റോഡ് മെയിന്റൻസ്- നിർവ്വഹണം സുതാര്യമല്ല | 3-8 |
| 25 | ഹൗസ് വേരിഫിക്കേഷൻ ഓഫീസർമാരുടെ ഓണറേറിയം ഇനത്തിൽ ചെലവഴിച്ച 33000 രൂപ കുടിശ്ശികയായി അവശേഷിക്കുന്നു | 3-9 |
| 26 | വേ-ബിൽ പ്രകാരമുള്ള തുകയിൽ നിന്നും അധികമായി നൽകിയ 11250 രൂപയുടെ ചെലവ് കരാർ രേഖകളുടെ അഭാവത്തിൽ തടസപ്പെടുത്തുന്നു. | 3-10 |
| 27 | അവശ്യമരുന്നുകൾ യഥാസമയം വിതരണം ചെയ്യുന്നില്ല. | 3-11 |
| 28 | 'ടീച്ചേർസ്സ് ബാങ്കി'ന് പകരം വിവര സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തേണ്ടതാണ് . | 3-12 |
| 29 | അംഗനവാടികളുടെ അടിസ്ഥാന വികസനത്തിന് മുന്തിയ പരിഗണന നൽകുന്നില്ല. | 3-13 |

| | | |
|---|---|---|
| 30 | കന്നുകുട്ടി പരിപാലന പദ്ധതി- വിനിയോഗവിവരങ്ങൾ ലഭ്യമല്ല.300000/-തടസ്സപ്പെടുത്തുന്നു. | 3-14 |
| 31 | വിദ്യാജ്യോതി-പദ്ധതി രേഖകൾ ഹാജരാക്കിയില്ല 75000/-തടസ്സപ്പെടുത്തുന്നു | 3-15 |
| 32 | എൽ. പി.സ്കൂളുകളിൽ വായനാമുറി-മാഗസിൻ വിതരണം ചെയ്യാത്ത സ്ഥാപനത്തിന് തുക നൽകി-120000/-തടസ്സപ്പെടുത്തുന്നു. | 3-16 |
| 33 | പദ്ധതി നിർവ്വഹണത്തിന് ശേഷവും നിർവ്വഹണ ഉദ്യോഗസ്ഥന്റെ അക്കൗണ്ടിൽ വൻതുക ശേഷിക്കുന്നു. | 3-17 |
| 34 | പഞ്ചായത്താഫീസ് കോമ്പൗണ്ടിൽ നിന്നും നീക്കം ചെയ്ത 575 ഘ. മീ മണ്ണ് ലേലം ചെയ്തതിന്റെ വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല | 3-18 |
| | ഭാഗം - 4 | |
| 35 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 36 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 37 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 38 | വായ്പ / വായ്പ തിരിച്ചടവ് | 4-4 |
| 39 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |

| | | |
|---|---|---|
| 40 | ഓഡിറ്റ് റിക്കവറി | 4-6 |
| 41 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 42 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 43 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 44 | ഓഡിറ്റ് സാക്ഷ്യപത്രം | 4-10 |


# ഭാഗം 1

## പൊതു അവലോകനം

### 1-1 ബജറ്റ്

| 2015-16 ലെ ബജറ്റ് പാസ്സാക്കിയ നം./തിയ്യതി |
|---|

| |
|---|
| 23.03.2015ലെ 1-ാം നമ്പർ കമ്മിറ്റി തീരുമാനപ്രകാരം അംഗീകരിച്ചു. |

## 1-2 വാർഷിക ധനകാര്യപത്രിക.

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2015-16 | 31.07.2016 | 27.07.2016 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം 1-ആയി ഉൾപ്പെടുത്തിയിട്ടുണ്ട്

## 1-4 സാമ്പത്തിക വിശകലനം

മുൻബാക്കി 55355267

വരവ് 56169993

ആകെ 111525260

ചെലവ് 98469510

നീക്കിബാക്കി 13055750

## 1-5 ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ തുക | ചെലവ് തുക | ട്രാൻസ്ഫർ ക്രഡിറ്റ് | നീക്കിബാക്കി (RP 40 b പ്രകാരം) |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 4727517 | 10488704 | 15216221 | 15216221 | 10163171 | - |
| വികസന ഫണ്ട് (എസ്.സി.പി) | 4353777 | 7006568 | 11360345 | 11360345 | - | - |
| വികസനഫണ്ട് (ടി.എസ്.പി) | - | - | - | - | - | - |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 4939373 | 6653086 | 11592459 | 11592459 | - | - |
| സംരക്ഷണ | 2596667 | 2177345 | 4774012 | 4774012 | - | - |

| | | | | | | |
|---|---|---|---|---|---|---|
| ഗ്രാന്റ് (റോഡിതരം) | | | | | | |
| ധനകാര്യ കമ്മീഷൻ അവാർഡ് | 3052869 | 8338672 | 11391541 | 11391541 | - | - |
| ലോക ബാങ്ക് സഹായം | 3909194 | 3479040 | 7388234 | 7388234 | - | - |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|
| 245 | 180 | 36 | 29 | 73.47 |

## 1-7 തനത് വരുമാനം.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | %(+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 4083004 | 7301001 | 3217997 | |
| നികുതിയേതര വരവുകൾ | 5942477 | 1783129 | (-)4159348 | |
| മറ്റ് വരവുകൾ | 136981617 | 127524304 | (-)9457313 | |
| ആകെ | 147007098 | 136608434 | (-)10398664 | |

തനതു വരുമാനം സംബന്ധിച്ച് തയ്യാറാക്കിയ സ്കോർ കാർഡ് അനുബന്ധം 2-ആയി ഉൾപ്പെടുത്തിയിട്ടുണ്ട്

## 1-8 ക്ഷേമ പദ്ധതികൾ

| ക്രമ നം. | പദ്ധതി | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|---|

| | | | |
|---|---|---|---|
| 1 | കർഷകത്തൊഴിലാളി പെൻഷൻ | ലഭ്യമാക്കിയില്ല | 2221320 |
| 2 | തൊഴിൽ രഹിത വേതനം | 422 | 540840 |
| 3 | വിധവാ പെൻഷൻ | 1288 | 919440 |
| 4 | വികലാംഗ പെൻഷൻ | 376 | 3969190 |
| 5 | വാർദ്ധ്യക്യ കാല പെൻഷൻ | 799 | 19042980 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18.10.2016ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 1268/-രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിൻെറ വിവരം

| ക്രമ നം | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി | ഗുരുതരമായ ഓഡിറ്റ് പരാമർശങ്ങൾ |
|---|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 05.10.2016 | 07/2016-08/2016 | ലഭിച്ചില്ല. | |
| 2 | അക്കൗണ്ടൻറ് ജനറലിൻെറ ഓഡിറ്റ് | 27.11.15-10.12.15 | 2014-15 | 29.01.16 | - |

## 1-11 അനുബന്ധ പത്രികകൾ

1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഇ-ടെണ്ടർ പ്രകാരം ടെണ്ടർ ക്ഷണിച്ചിട്ടുള്ള പ്രവൃത്തികളുടെ ടെണ്ടർ ഫോറവില

പഞ്ചായത്തിലേയ്ക്ക് തിരികെ ഒടുക്കുവരുത്തണം.

ഇ ടെണ്ടർ പ്രകാരം ടെണ്ടർ ക്ഷണിച്ചിട്ടുള്ള പ്രവൃത്തികളുടെ ടെണ്ടർ ഫോറവില കൊല്ലം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലേയ്ക്കാണ് ഒടുക്കിയിട്ടുള്ളത്. എന്നാൽ പ്രസ്തുത പഞ്ചായത്തിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത് നല്കിയിട്ടില്ല. 2015-16 വർഷത്തിൽ ഇ ടെണ്ടർ പ്രകാരം ടെണ്ടർ ക്ഷണിച്ചിട്ടുള്ള പ്രവൃത്തികളുടെ വിവരം, ലഭിച്ച ടെണ്ടറുകൾ, പഞ്ചായത്തിലെ പ്രവൃത്തികൾക്കായി ടെണ്ടർ ഫോറവില ഇനത്തിൽ കൊല്ലം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലേയ്ക്ക് ലഭിച്ചിട്ടുള്ള തുക, തിരികെ ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തു കിട്ടിയ തുക എന്നിവയുടെ വിശദവിവരങ്ങൾ ലഭ്യമാക്കുവാനും ആവശ്യപ്പെട്ടുകൊണ്ട് 17-10-2016 ൽ നമ്പരായി നല്കിയിട്ടുള്ള ഓഡിറ്റ് അന്വേഷണത്തിന് ടെണ്ടർ ഫോറവില കൊല്ലം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ തന്നെയാണുള്ളതെന്നും ടി തുക കുളക്കട പഞ്ചായത്തിലേയ്ക്ക് തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി നല്കി. പ്രസ്തുത മറുപടി പ്രകാരം 2015-2016 സാമ്പത്തിക വർഷം 16 പ്രവൃത്തികളിൽ ഇ- ടെണ്ടർ നടത്തിയിട്ടുണ്ടെന്നും ആയതിന്റെ ടെണ്ടർ ഫോറവില, വാറ്റ് എന്നീ ഇനങ്ങളിലായി 81682/- രൂപാ കൊല്ലം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ലഭിച്ചിട്ടുണ്ടെന്നും വ്യക്തമാക്കിയിട്ടുണ്ട്.

ടെണ്ടർ ഫോറവില, വാറ്റ് എന്നീ ഇനങ്ങളിലായി കൊല്ലം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ സൂക്ഷിച്ചിട്ടുള്ള തുകയിൽ ടെൻഡർ ഫോറവില കുളക്കട പഞ്ചായത്തിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും വാറ്റ് ഇനത്തിൽ ഈടാക്കിയിട്ടുള്ള തുകകൾ സർക്കാരിലേയ്ക്ക് അടവാക്കേണ്ടതുമാണ്.

## 2-2 പഞ്ചായത്ത് കോമ്പൗണ്ടിൽ കൂട്ടിയിട്ടിരിക്കുന്ന മണ്ണ് ലേലം ചെയ്തില്ല 43500/- രൂപായുടെ നഷ്ടം

1) അസി എഞ്ചിനീയർ തയ്യാറാക്കിയ മൂല്യനിർണ്ണയ പ്രകാരം 18200/- രൂപാ മൂല്യം നിർണ്ണയിച്ചതും, ഫഞ്ചായത്ത് കോമ്പൗണ്ടിൽ കുട്ടിയിട്ടിരിക്കുന്നതുമായ 140 ഘ.മീ.മണ്ണ് പഞ്ചായത്ത് കമ്മറ്റിയുടെ 10-02-2015 ലെ തീരുമാനപ്രകാരം ലേലം ചെയ്യുന്നതിന് തീരുമാനിച്ചു. കൂടാതെ പഞ്ചായത്ത് കമ്മറ്റിയുടെ 13-05-2015 ലെ തീരുമാനപ്രകാരം പഞ്ചായത്ത് കോമ്പൗണ്ടിൽ കൂട്ടിയിട്ടിരിക്കുന്ന 195 ഘ.മീ മണ്ണിന് 25300/- രൂപാ മൂല്യം നിർണ്ണയിച്ച് ലേലം ചെയ്യുന്നതിന് തീരുമാനിച്ചിരുന്നു.

ഇതിൻപ്രകാരം മണ്ണ് ലേലം ചെയ്ത് തുക ഒടുക്ക് വരുത്തിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ച് 17-10-2016 ൽ നമ്പർ 7 ആയി നല്കിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല. തുടർന്ന് നേരിട്ടുള്ള സ്ഥല പരിശോധനയിൽ പഞ്ചായത്ത് കോമ്പൗണ്ടിൽ നിന്നും മണ്ണ് നീക്കം ചെയ്തിട്ടുള്ളതായി ബോദ്ധ്യപെട്ടിട്ടുണ്ട്. മണ്ണ് ലേലം ചെയ്ത് തുക ഒടുക്ക് വരുത്തിയതിന്റെ രേഖകൾ

പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ക്രമനമ്പർ 1, 2 എന്നിവ പ്രകാരം മൂല്യനിർണ്ണയം നടത്തിയിട്ടുള്ള 235 ഘ.മീ മണ്ണിന്റെ വിലയായ 43500/- രൂപായുടെ നഷ്ടം സംഭവിച്ചിട്ടുള്ളതായി വിലയിരുത്തുന്നു. ടി തുക യഥാ സമയം ലേലം നടത്തി തുക ഈടാക്കുന്നതിന് ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

## 2-3 വ്യക്തികൾക്ക് പ്രത്യേക രശീതി നല്കാതെ ഒരു കൂട്ടം വ്യക്തികൾക്ക് ഒറ്റ രശീതി നല്കിയിരിക്കുന്നു.

ഔട്ട്ഡോർ കളക്ഷൻ ബുക്ക് നം 53542, 30288 എന്നീ രശീത് ബുക്കുകളിലെ താഴെപ്പറയുന്ന രശീതികളിൽ various parties എന്ന പേരിൽ ഒരു കൂട്ടം വ്യക്തികൾക്ക് ഒറ്റ രശീത് വീതം നല്കിയിരിക്കുന്നു. ഒരേ ഇനത്തിനാണ് ഇപ്രകാരം ഒറ്റ രശീത് നല്കിയിരിക്കുന്നത്. വിശദവിവരം താഴെക്കൊടുക്കുന്നു

| രശീത് നം | വ്യക്തികളുടെ എണ്ണം | പിരിച്ചെടുത്ത തുക |
|---|---|---|
| 24/53542 | 200 | 300000 |
| 26/53542 | 50 | 50000 |
| 61/53542 | 150 | 225000 |
| 62/53542 | 50 | 50000 |
| 13/30288 | 5 | 5000 |
| 14/30288 | 4 | 4000 |

കൂടാതെ 12/30288 എന്ന രശീതിയിൽ വ്യക്തിയുടെ പേര്, തുക എന്നിവ വ്യക്തമല്ല. അപാകതകൾ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 2-4 തൊഴിൽ നികുതി ഈടാക്കിയില്ല.

ഹയർ സെക്കണ്ടറി തലം വരെ ക്ലാസുകളുള്ള ഡിവൈൻ പബ്ലിക്ക് സ്കൂൾ എന്ന സ്ഥാപനത്തിലെ ജീവനക്കാരിൽ നിന്നും 2015-16 സാമ്പത്തിക വർഷം തൊഴിൽ നികുതി ഈടാക്കിയില്ല

ഫെഡറൽ ബാങ്ക് കലയപുരം എന്ന സ്ഥാപനത്തിലെ ജീവനക്കാരിൽ നിന്നും 2015-16, 1 -ാം അർദ്ധവർഷം തൊഴിൽ നികുതിയായി 10280/-രൂപ 27/10/2015 ലെ 11501400004 നമ്പർ രസീത് പ്രകാരവും എസ് ബി റ്റി പുത്തൂർ എന്ന സ്ഥാപനത്തിലെ ജീവനക്കാരിൽ നിന്നും 2015-16 ,1 -ാം അർദ്ധവർഷം തൊഴിൽ നികുതിയായി 16700/- രൂപ 16/01/2016 ലെ 11501500026 നമ്പർ രസീത് പ്രകാരവും ഈടാക്കിയിട്ടുണ്ടെങ്കിലും 209 E വകുപ്പ് പ്രകാരമുള്ള പിഴപ്പലിശ ഈടാക്കിയിട്ടില്ല.

## 2-5 ഡി&ഒ ലൈസൻസ് അപേക്ഷകൾ ഓഡിറ്റിന് ഹാജരാക്കിയില്ല.

ഓഡിറ്റിന് ലഭ്യമാക്കിയ ഡി&ഒ രജിസ്റ്റർ പ്രകാരം തൻവർഷം 285 ഡി &ഒ ലൈസൻസുകൾ നൽകിയെങ്കിലും 120 ഫയലുകൾ മാത്രമാണ് ഓഡിറ്റിന് ലഭ്യമാക്കിയത്

.ആയതിൽ 55 അപേക്ഷകളിൽ മാത്രമാണ് അന്വേഷണ റിപ്പോർട്ട്, സെക്രട്ടറിയുടെ അംഗീകാരം, മറ്റ് സ്ഥാപനങ്ങളിൽ നിന്നുള്ള സാക്ഷ്യപത്രങ്ങൾ എന്നിവ ഉൾപ്പെടുത്തിയിട്ടുള്ളത്. ആയതിനാൽ 2015-16 സാമ്പത്തിക വർഷം നൽകിയ ഡി &ഒ ലൈസൻസുകൾ പൂർണമായും പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല

ഡി&ഒ രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ പ്രകാരം പുത്തൂർ വില്ലേജിൽ സർവ്വേനമ്പർ 201/1 എന്ന സ്ഥലത്ത് പാറ ഖനനം നടത്തുന്നതിനായി ശ്രീ ജി. രാജു എന്ന വ്യക്തിക്ക് 63/15-16 നമ്പരായും ശ്രീ സുന്ദരേശൻ എന്ന വ്യക്തിക്ക് 133/15-16 നമ്പരായും രണ്ട് ലൈസൻസുകൾ നല്കിയതായി കാണുന്നു

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (10/19-10-2016) മറുപടി ലഭ്യമാക്കിയില്ല

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 മരാമത്ത് പ്രവൃത്തികളിൽ ക്രമപ്രകാരമല്ലാതെ കരാറിലേർപ്പെട്ടു

2012 ലെ പരിഷ്കരിച്ച മരാമത്ത് മാന്വൽ 2009(6) പ്രകാരം ടെണ്ടർ അംഗീകരിച്ചാൽ 7 ദിവസത്തിനകം സെലക്ഷൻ നോട്ടീസ് നല്കേണ്ടതും, ടെണ്ടർ അംഗീകരിച്ചതീയതി മുതൽ 14 ദിവസത്തിനകം കരാർ വയ്ക്കേണ്ടതാണ് . കരാർ തുകയുടെ 1% പിഴ ഈടാക്കിക്കൊണ്ട് അടുത്ത 10 ദിവസത്തേയ്ക്കുകൂടി കരാറിലേർപ്പെടാവുന്നതാണ്. എന്നാൽ താഴെക്കൊടുത്തിരിക്കുന്ന പ്രവൃത്തികളിൽ മരാമത്ത് ചട്ടങ്ങൾക്ക് വിരുദ്ധമായി കരാറിലേർപ്പെട്ടു

| ക്ര.നം | പ്രവൃത്തിയുടെ പേര് | ടെണ്ടർ അംഗീകരിച്ച തീയതി | കരാർവച്ച തീയതി | കരാർ തുക | ഈടാക്കേണ്ടുന്ന പിഴ |
|---|---|---|---|---|---|
| 1 | നാരായണ വിലാസം മുരുക്കുംവിള റോഡ് | 25-08-2015 | 23-09-2015 | 629294 | 6293 |
| 2 | ബഥേൽ ജംഗ് ഷൻ കുരിശ്ശടി റോഡ് | 25-08-2015 | 03/10/15 | 899521 | 8995 |
| 3 | റേഷൻകടമുക്ക് രുധിര ഭയങ്കരി റോഡ് | 10/02/15 | 06/03/15 | 696648 | 6966 |
| 4 | വലിയതോട് എം സി റോഡ് റീ | 25-08-2015 | 22-09-2015 | 579408 | 5794 |

| | | | | | |
|---|---|---|---|---|---|
| | ടാറിംഗ് | | | | |
| 5 | വെണ്ടാർ മനക്കരക്കാവ് റോഡ് | 25-08-2015 | 14-12-2015 | 587086 | 5871 |
| 6 | കറ്ററ ജംഗ്ഷൻ യൂണിവേഴ്സൽ കാഷ്യൂ ഫാക്ടറി | 25-08-2015 | 23-09-2015 | 609694 | 6097 |
| 7 | നെടുങ്ങാടിക്കുഴി പമ്പ്ഹൗസ് ഏലാറോഡ് | 25-08-2015 | 26-09-2015 | 815000 | 8150 |
| 8 | ലക്ഷംവീട് അംഗനവാടി ആനപ്പാറാ റോഡ് | 25-08-2015 | 22-09-2015 | 473157 | 4732 |
| 9 | പെരുംകുളം ദേവീ ക്ഷേത്രം പടിഞ്ഞാറ്റിൻ കര റോഡ് | 25-08-2015 | 26-09-2015 | 381750 | 3818 |
| 10 | താഴത്തു കുളക്കട സ്റ്റേഡിയം മെയിന്റൻസ് | 25-08-2015 | 26-09-2015 | 500000 | 5000 |
| 11 | പഞ്ചായത്ത് ഓഫീസ് മെയിന്റൻസ് | 10/02/15 | 26-03-2015 | 775000 | 7750 |
| | | | | ആകെ | 69496 |

ക്രമപ്രകാരമല്ലാതെ കരാർവച്ചതു സംബന്ധിച്ചും, പിഴ ഈടാക്കാതിരുന്നതു സംബന്ധിച്ചും വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് 20-10-2016 ൽ നല്കിയ (നമ്പർ 11) ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ക്രമപ്രകാരമല്ലാതെ കരാറിലേർപ്പെട്ടുകയും, പിഴ ഈടാക്കാതിരുന്നതു സംബന്ധിച്ചും മതിയായ വിശദീകരണം നല്കേണ്ടതാണ്. മാത്രമല്ല കരാർ വയ്ക്കുന്നതിന് കാലതാമസം വരുത്തിയതിന് പിഴ ഇനത്തിൽ ഈടാക്കേണ്ടിയിരുന്ന 69496/- രൂപാ ഉത്തരവാദികളിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ തുക ഒടുക്ക് വരുത്തേണ്ടതാണ്..

## **3-2** <u>പുത്തൂർ മാർക്കറ്റ് നവീകരണവും ഓപ്പൺസ്റ്റാളും, ഉടമസ്ഥാവകാശം ഉറപ്പുവരുത്താതെ നിർമ്മാണ പ്രവൃത്തി ആരംഭിച്ചു, **733990/-** രൂപ തടസ്സപ്പെട്ടുത്തുന്നു</u>

തനതുഫണ്ടിൽ നിന്നും 1000000/- രൂപ വകയിരുത്തി ശ്രീ.രാജപ്പൻ പ്ലാവിളവീട് കൺവീനറായി, 29-05-2015 ൽ 06/15-16/AE/LSGD/KDA/ നമ്പരായി കരാർവച്ച് നിർവ്വഹണം ആരംഭിച്ച മരാമത്ത് പ്രവൃത്തിയാണ് പുത്തൂർ മാർക്കറ്റ് നവീകരണവും ഓപ്പൺസ്റ്റാളും. ടി പ്രവൃത്തിക്ക് ഒന്നാം ഭാഗികബില്ലായി 773990/- രൂപ നല്കിയിട്ടുണ്ട്. ആയതിനുശേഷം ടി മാർക്കറ്റും സ്ഥലവും ഫിഷറീസ് വകുപ്പ് ഏറ്റെടുത്തതു കാരണം പ്രവൃത്തി നിറുത്തിവയ്ക്കുന്നതായി ഫയലിൽ രേഖപ്പെടുത്തിയിരിക്കുന്നു.

സ്ഥലത്തിന്റെ ഉടമസ്ഥാവകാശം ഉറപ്പുവരുത്താതെ നിർമ്മാണ പ്രവൃത്തി ആരംഭിച്ചതു സംബന്ധിച്ചും,പ്രവൃത്തി പൂർത്തീകരിക്കാതെ പാതിവഴിയിൽ ഉപേക്ഷിച്ചതുകാരണം 773990/- രൂപയുടെ പാഴ് ചെലവു വരുത്തിയതു സംബന്ധിച്ചും വിശദീകരണം നല്കുവാനും, ഒന്നാം ഭാഗികബില്ലിൽ ഉൾപ്പെട്ട നികുതികൾ ഒടുക്കുവരുത്തിയതിന്റെ രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കുവാനും ആവശ്യപ്പെട്ടുകൊണ്ട് 20-10-2016 ൽ നല്കിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഒന്നാം ഭാഗിക ബില്ലിന്റെ വിശദ വിവരം താഴെ കൊടുക്കുന്നു.

പ്രവൃത്തിമൂല്യം-730123/-രൂപ

വാറ്റ് 5%-36506/-രൂപ

ക്ഷേമനിധി വിഹിതം--7301/-രൂപ

ആകെ-773930/-രൂപ

ചെക്ക് നമ്പർ-1800948 /17-09-2015

സ്ഥലത്തിന്റെ ഉടമസ്ഥാവകാശം ഉറപ്പുവരുത്താതെ നിർമ്മാണ പ്രവൃത്തി ആരംഭിച്ച് പ്രവൃത്തി പൂർത്തീകരിക്കാതെ പാതിവഴിയിൽ ഉപേക്ഷിച്ചതുകാരണം 773990/- രൂപായുടെ ചെലവ് പാഴ് ചെലവായി ഓഡിറ്റ് വിലയിരുത്തുന്നു. ചെലവഴിച്ച തുക തടസ്സപ്പെടുത്തുന്നു. ഇപ്രകാരം പാഴ് ചെലവ് വരുത്തിയതിന് മതിയായ വിശദീകരണം നല്കിയും നികുതികൾ ഒടുക്ക് വരുത്തിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയും തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-3 വായനശാലയ്ക്ക് ഫർണീച്ചർ (42 /16) പ്രോജക്ടിനായി ചെലവഴിച്ച 98080/- രൂപാ നിരാകരിക്കുന്നു

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ വായനശാലയ്ക്ക് ഫർണീച്ചർ (42 /16) എന്ന പ്രോജക്ടിന്റെ നിർവ്വഹണവുമായി ബന്ധപ്പെട്ട് താഴേക്കൊടുത്തിട്ടുള്ള ഉപകരണങ്ങൾ വിതരണം ചെയ്തതിന് ബിൽ നമ്പർ 26/28-07-2015 പ്രകാരം 98080/- രൂപ പിൻവലിച്ച് ശബരി സ്റ്റീൽ ഫർണീച്ചർ പനവേലി എന്ന സ്ഥാപനത്തിന് നല്കി.

| ക്ര.നം | ഇനം | തുക (രൂപാ) |
|---|---|---|
| 1 | സ്റ്റീൽ ബുക്ക് ഷെൽഫ് 8 എണ്ണം | 59200 |
| 2 | നീൽ കമൽ പ്ലാസ്റ്റിക്ക് കസേര4002-മോഡൽ 90 എണ്ണം | 38880 |
| | ആകെ | 98080 |

ടി പ്രോജക്ടിന്റെ നിർവ്വഹണവുമായി ബന്ധപ്പെട്ട് താഴെക്കൊടുത്തിട്ടുള്ള അപാകതകൾ കാണുന്നു.

1)ടി സ്ഥാപനത്തിന്റെ 17-06-2015ലെ 5-ാം നമ്പരായുള്ള പെർഫോർമാ ഇൻവോയിസ് പ്രകാരം സ്റ്റീൽ ബുക്ക് ഷെൽഫ് വിതരണം ചെയ്യുന്നതിന് താഴെക്കൊടുത്തിട്ടുള്ള പ്രകാരമാണ് നിരക്ക് രേഖപ്പെടുത്തിയിട്ടുള്ളത്.

| ക്ര.നം | ഇനം | നിരക്ക് |
|---|---|---|
| 1 | വില കുറഞ്ഞത് | 6500 |
| 2 | 20 ഗേജ് | 7500 |
| 3 | 22 ഗേജ് | 7000 |

ഇതിൽഏത് വിഭാഗത്തിൽ ഉൾപ്പെട്ട ഉപകരണമാണ് വിതരണം ചെയ്യാൻ ആവശ്യപ്പെട്ടതെന്ന് കാണിക്കുന്ന വിതരണ ഉത്തരവ് പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.. സ്ഥാപനത്തിന്റെ ബില്ലിലും ഏത് ഉപകരണമാണ് വിതരണം ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കിയിട്ടില്ല.

2. പരിശോധനയ്ക്ക് ലഭ്യമാക്കിയ സ്റ്റോക്ക് രജിസ്റ്ററിന്റെ (2013-14 മുതൽ ഉള്ളത്) പേജ് നമ്പർ 130 ൽ ഉപകരണങ്ങളുടെ വിവരം രേഖപ്പെടുത്തിയിട്ടുണ്ട്.ആയതിൽ ആരും സാക്ഷ്യപ്പെടുത്തൽ വരുത്തിയിട്ടില്ല.

3. ഉപകരണങ്ങൾ വിതരണം നടത്തിയതിന്റെ രേഖകളില്ല

4. ഏതെല്ലാം വായനശാലകൾക്ക് വേണ്ടിയാണ് ഉപകരണങ്ങൾ വാങ്ങിയിട്ടുള്ളതെന്ന് പ്രോജക്ടിലോ ഫയലിലോ യാതൊരുവിധമായ രേഖപ്പെടുത്തലുകളും ഇല്ല.

5. വായനശാലകളെ പഞ്ചായത്ത് കമ്മറ്റി അംഗീകരിച്ചതു സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

6. ടി ഉപകരണങ്ങൾഭൗതിക പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല

7. മേൽ അപാകതകൾ ചൂണ്ടിക്കാട്ടി 21-10-2011 ൽ നമ്പർ 11 ആയി നല്കിയ ഓഡിറ്റ്

അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

മുകളിൽ കൊടുത്തിട്ടുള്ള കാരണങ്ങളാൽ ടി പ്രോജക്ടിനായുള്ള 98080/- രൂപായുടെ ചെലവ് അംഗീകരിക്കുന്നില്ല. ടി തുക നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-4 ക്ലബ്ബുകൾക്ക് സ്പോർട്ട്സ് കിറ്റ് (40/16)-അനുബന്ധ രേഖകളുടെ അഭാവത്തിൽ ചെലവ് തുക 100000/- രൂപ നിരാകരിക്കുന്നു

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ക്ലബ്ബുകൾക്ക് സ്പോർട്ട്സ് കിറ്റ് എന്ന പ്രോജക്ടിന്റെ(40 /16) നിർവ്വഹണവുമായി ബന്ധപ്പെട്ട് ചെക്ക് നമ്പർ 13552 /01-08-2015 പ്രകാരം 100000/- രൂപ ശ്രീ.വിഷ്ണു.എം.എസ്, സ്പോർട്ട്സ് മാർട്ട്സ് കൊട്ടാരക്കരയ്ക്കു നല്കിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുള്ളത് ടി സ്ഥാപനത്തിന്റെ 28-07-2015 ലെ 409 നമ്പരിലുള്ള ബിൽ മാത്രമാണ്. താഴെ കൊടുത്തിരിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് 21-10-2016 ൽ ഓഡിറ്റ് അന്വേഷണം (നമ്പർ 13) നല്കി.

1)അംഗീകൃത പ്രോജക്ട്

2)സ്പോർട്ട്സ് കിറ്റ് നല്കപ്പെട്ട ക്ലബ്ബുകളുടെ പേര്

3)ക്ലബ്ബുകളുടെ പഞ്ചായത്ത് കമ്മറ്റി അംഗീകരിച്ച പട്ടിക

4)സ്പോർട്ട്സ് കിറ്റ് ബന്ധപ്പെട്ട ക്ലബ്ബുകൾ കൈപ്പറ്റിയതിന്റെരേഖകൾ

6)സ്പോർട്ട്സ് കിറ്റ് വാങ്ങിയതുമായി ബന്ധപ്പെട്ട ടെൻഡർ നടപടികളുടെ വിശദവിവരം

പ്രസ്തുത രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ലെങ്കിൽ ടി രേഖകൾ ഇല്ലെന്ന നിഗമനത്തിൽ ചെലവ് തുക നിരാകരിക്കുന്നതാണെന്ന വിവരം ഓഡിറ്റ് അന്വേഷണത്തിൽ അറിയിച്ചിരുന്നു. എന്നാൽ ടി അന്വേഷണത്തിന് മറുപടി നല്കുകയോ രേഖകൾ ലഭ്യമാക്കുകയോ ചെയ്തിട്ടില്ല.

ഈ സാഹചര്യത്തിൽ ക്ലബ്ബുകൾക്ക് സ്പോർട്ട്സ് കിറ്റ് എന്ന പ്രോജക്ടിനായി ചെലവഴിച്ചിട്ടുള്ള 100000/- രൂപാ നിരാകരിക്കുന്നു. നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും തുക ഈടാക്കി അടവാക്കേണ്ടതാണ്.

## 3-5 വി.ഇ. ഒ നിർവഹണം നടത്തിയ പ്രോജക്ടുകൾ-ആനുകൂല്യം വിതരണം ചെയ്യുന്നതിൽ അപാകതകൾ

പദ്ധതി നിർവഹണത്തിനായി കൊട്ടാരക്കര ട്രഷറിയിൽ നിന്നും പിൻവലിക്കുന്ന തുകകൾ എസ്.ബി.റ്റി -യിലെ 57029891491 എന്ന അക്കൗണ്ടിൽ നിക്ഷേപിക്കുകയും ആയതിൽ നിന്നും ഗുണഭോക്താക്കൾക്ക് ഡി.ഡി./ആർ.റ്റി.ജി.എസ് മുഖേന ആനുകൂല്യം വിതരണം ചെയ്യുന്നതിൽ മാസങ്ങളുടെ കാലതാമസം നേരിടുന്നതായി കാണുന്നു. കൂടാതെ ഗുണഭോക്താക്കൾക്ക് ബാങ്ക് അക്കൗണ്ടിലെ നീക്കിയിരിപ്പിൽ നിന്നും ആനുകൂല്യം നല്കിയ ശേഷം ബില്ലുകൾ ട്രഷറിയിൽ സമർപ്പിച്ച് തുക മാറി എടുക്കുന്നതായും കാണുന്നു. ചില

ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ഗുണഭോ-ക്താവിന്റെ പേര് | പ്രോജക്ട് നമ്പർ | ട്രഷറിയിൽ നിന്നും പിൻവലിച്ച പദ്ധതി വിഹിതം | | ഗുണഭോക്താവിന് വിതരണം ചെയ്ത ആനുകൂല്യം | | | റിമാർക്ക്സ് |
|---|---|---|---|---|---|---|---|
| | | ബിൽ നമ്പർ / ബിൽ തീയതി | തുക | തുക | ഡി.ഡി./ ആർ.റ്റി.ജി.എസ് ചെക്ക് നമ്പർ | തീയതി | |
| ഉഷാകുമാരി തോണ്ടലിൽ വീട് | | 2 / 28-07-15 | 50000 | 50000 | 312576 | 19-01-16 | ട്രഷറിയിൽ നിന്നും പിൻവലിച്ച തുക 5 മാസം കഴിഞ്ഞാണ് വിതരണം ചെയ്തത് |
| അനിൽ കുമാർ | | 5/ 13-10-15 | 15000 | 15000 | 312586 | 18-02-16 | ട്രഷറിയിൽ നിന്നും പിൻവലിച്ച തുക 4മാസം കഴിഞ്ഞാണ് വിതരണം ചെയ്തത് |

| | | | | | | | |
|---|---|---|---|---|---|---|---|
| രമണിയമ്മ | | 5/ 13-10-15 | 7500 | 7500 | 312588 | 19-02-16 | ട്രഷറിയിൽ നിന്നും പിൻവലിച്ച തുക 4മാസം കഴിഞ്ഞാണ് വിതരണം ചെയ്തത് |
| സുധാമണിയമ്മ ലക്ഷ്മി ഭവനം | | 6/ 28-12-15 | 10000 | - | - | - | തുക വിതരണം ചെയ്തിട്ടില്ല |
| ഉഷാകുമാരിയമ്മ ദീപു ഭവനം | | 6/ 28-12-15 | 30000 | 50000 | 312579 | 27-01-16 | ട്രഷറിയിൽ നിന്നും പിൻവലിക്കാത്ത 20000/- രൂപ അക്കൗണ്ടിലെ നിക്കിയിരിപ്പിൽ നിന്നും നൽകി |
| ഗിരിജ ശശിധരൻ വിഷ്ണു ഭവൻ | | 7/ 28-12-15 | 15000 | 15000 | 312555 | 19-10-15 | ട്രഷറിയിൽ നിന്നും പിൻവലി |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | | ക്കുന്നതിന് 2 മാസം മുമ്പേ അക്കൗ ണ്ടിലെ നിക്കിയി രിപ്പിൽ നിന്നും തുക നൽകി |
| അമ്മിണിക്കുട്ടി കാദേഗ് ഭവൻ | | 7/ 28-12-15 | 15000 | 15000 | 312555 | 19-10-15 | ട്രഷറിയിൽ നിന്നും പിൻവലി ക്കുന്നതിന് ഡി.ഡി./ ആർ.റ്റി. ജി.എസ് മുഖേന ആനുകൂല്യം വിതരണം ചെയ്യുന്നതിൽ മാസങ്ങളുടെ കാലതാമസം നേരിടുന്ന തായും, ഗുണഭോ ക്താക്കൾക്ക് അക്കൗണ്ട് ടിലെ നീക്കിയി രിപ്പിൽ നിന്നും ആനുകൂല്യം നല്കുകിയ ശേഷം ബില്ലുകളിൽ ട്രഷറിയിൽ |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | | സമർപ്പി ക്കുന്നതായും കാണുന്നു. 2 മാസം മുമ്പേ<br>അക്കൗ ണ്ടിലെ നിക്കിയി രിപ്പിൽ നിന്നും തുക<br>നൽകി |
| ശാമുവേൽ ഭവൻ<br>ബഥനി | | 7/<br>28-12-15 | 15000 | 15000 | 312555 | 19-10-15 | ട്രഷറിയിൽ നിന്നും പിൻവലി ക്കുന്നതിന് 2 മാസം മുമ്പേ<br>അക്കൗ ണ്ടിലെ നിക്കിയി രിപ്പിൽ നിന്നും തുക<br>നൽകി |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | | |
| വസന്തകുമാരി ആശാരഴികത്ത് | | 19/ 17-03-16 | 15000 | 15000 | 312591 | 25-02-16 | ട്രഷറിയിൽ നിന്നും പിൻവലി ക്കുന്നതിന് 20 ദിവസം മുമ്പേ അക്കൗ ണ്ടിലെ നിക്കിയി രിപ്പിൽ നിന്നും തുക നൽകി |
| ലീല കാരിക്കപോയ്ക പടിഞ്ഞാറ്റതിൽ | | 19/ 17-03-16 | 15000 | 15000 | 38443 | 01-01-16 | ട്രഷറിയിൽ നിന്നും പിൻവലി ക്കുന്നതിന് 2 മാസം മുമ്പേ അക്കൗ ണ്ടിലെ നിക്കിയി രിപ്പിൽ നിന്നും തുക നൽകി |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | | |
| രത്തമ്മ ഗീതാഭവനം | | 19/ 17-03-16 | 15000 | 15000 | 38451 | 01-01-16 | ട്രഷറിയിൽ നിന്നും പിൻവലി ക്കുന്നതിന് 2 മാസം മുമ്പേ അക്കൗ ണ്ടിലെ നിക്കിയി രിപ്പിൽ നിന്നും തുക നൽകി |
| ഉഷ സി കലമ്പോട്ടി വിള | | 18/ 12-03-16 | 100000 | 30000 | 312609 | 31-03-16 | ഭവന നിർമാണ ഘട്ടത്തിന തീതമായി തുക ട്രഷറിയിൽ നിന്നും തുക പിൻവലി ക്കുന്നു |
| | | | | 70000 | 237774 | 04-04-16 | |
| ഉഷാകുമാരി ഉഷാഭവനം | | 18/ 12-03-16 | 70000 | 60000 | 312599 | 23-03-16 | ഭവന നിർമാണ |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | | ഘട്ടത്തിന തീതമായി തുക ട്രഷറിയിൽ നിന്നും തുക പിൻവലി ക്കുന്നു |
| | | | | 10000 | 237774 | 04-04-16 | |
| ഉഷാകുമാരി ഉഷാഭവനം | | 1/ 22-06-15 | 70000 | 20000 | 312537 | 13-07-15 | ഭവന നിർമാണ ഘട്ടത്തിന തീതമായി തുക ട്രഷറിയിൽ നിന്നും തുക പിൻവലി ക്കുന്നു |
| | | | | 50000 | 312574 | 05-01-16 | |

മേൽ വിവരിച്ച അപാകത നിമിത്തം 31-03-2016 -ൽ എസ്.ബി.റ്റി -യിലെ 57029891491 എന്ന അക്കൗണ്ടിൽ 21,14,364/- രൂപ നീക്കിയിരിപ്പായി അവശേഷിക്കുന്നു

## 3-6 വൈദ്യുതോപഭോഗം ഇല്ലാതെ വൈദ്യുതിചാർജ്ജിനത്തിൽ അടവാക്കിയ 1720/- രൂപ തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്

13/04/2015-ലെ ചെക്ക് നമ്പർ 80 പ്രകാരം 18349/- രൂപ വിവിധ ഹൈമാസ്റ്റ് ലൈറ്റുകളുടെ വൈദ്യുതി ചാർജ്ജിനത്തിൽ അടവാക്കിയിട്ടുണ്ട്. ആയതിൽ കൺസ്യൂമർ നമ്പർ 22731, 22732 എന്നിവയ്ക്ക് ബിൽ കാലയളവിൽ വൈദ്യുതോപഭോഗമില്ലാതിരുന്നിട്ടും എനർജി ചാർജ്ജ് ഈടാക്കിയതായി കാണുന്ന വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| കൺ സ്യൂമർ നമ്പർ | ബിൽ നമ്പരും തീയതിയും | ബിൽ കാല-യളവ് | മീറ്റർ റീഡിംഗ് | | ഈടാക്കിയ തുക | ഈടാ ക്കാവുന്ന തുക | അധികം ഈടാക്കി യത് |
|---|---|---|---|---|---|---|---|
| | | | മുൻ ബിൽ | നിലവിലെ ബിൽ | | | |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | പ്രകാരം | പ്രകാരം | | | |
| 22731 | 686925<br>06-04-2015 | 16-03-15 - 06-04-15 | 0.00 | 0.00 | ഫിക്സഡ് ചാർജ്ജ്-60<br>എനർജ്ജി ചാർജ്ജ്-1231.88<br>ഡ്യൂട്ടി--123.12<br>വാടക -30<br>ആകെ 1445 | ഫിക്സഡ് ചാർജ്ജ്-60<br>വാടക -30<br>ആകെ 90 | 1355 |
| 22732 | 22732<br>06-04-2015 | 5-02-15 - 06-04-15 | 2205 | 2205 | ഫിക്സഡ് ചാർജ്ജ്-60<br>എനർജ്ജി ചാർജ്ജ്-331.88<br>ഡ്യൂട്ടി--133.12<br>വാടക -12<br>ആകെ 437 | ഫിക്സഡ് ചാർജ്ജ്-60<br>വാടക -12<br>ആകെ 72 | 365 |
| | | | | | | ആകെ | 1720 |

മീറ്റർ റീഡിംഗ് നടത്തിയ തീയതിയിൽ മീറ്ററുകളുടെ സ്റ്റാറ്റസ് 'CN/Working' എന്ന് രേഖപ്പെടുത്തിയ സാഹചര്യത്തിൽ അധികമായി അടവാക്കിയ 1720/- രൂപ തിരികെ ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്

## 3-7 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല, 20,00,000/- രൂപ തടസ്സപ്പെട്ടുത്തുന്നു

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ താഴെക്കൊടുത്തിരിക്കുന്ന പ്രോജക്ടുകളുടെ

നിർവ്വഹണവുമായി ബന്ധപ്പെട്ട് വിവിധ സ്ഥാപനങ്ങളിൽ നല്കിയിട്ടുള്ള തുകകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

| ക്ര.നം | പ്രോജക്ടിന്റെ പേര് | തുക കൈപ്പറ്റിയ സ്ഥാപനം | തുക(രൂപാ) |
|---|---|---|---|
| 1 | എസ്സ് എസ്സ് എ ഫണ്ട് (01 /16)<br>(ബിൽ നം 16/ 29-01-2016) | പ്രോജക്ട് ഓഫീസർ,എസ്സ് എസ്സ് എ,കൊല്ലം | 700000 |
| 2 | ഐ എ വൈ അധിക വിഹിതം (ജനറൽ)<br>(ബിൽ നം 17/ 29-01-2016) | ബി ഡി ഒ വെട്ടിക്കവല | 600000 |
| 3 | ഐ എ വൈ അധിക വിഹിതം( എസ് സി പി)<br>(ബിൽ നം 18/ 29-01-2016) | ബി ഡി ഒ വെട്ടിക്കവല | 600000 |
| 4 | വികലാംഗർക്ക് വാഹനം (223 /16)<br>ചെക്ക് നം 015491/ 30-03-2016 | സെക്രട്ടറി,ജില്ലാ പഞ്ചായത്ത് | 100000 |
| | | ആകെ | 20,00,000 |

പ്രവൃത്തി പൂർത്തീകരിച്ചതു സംബന്ധിച്ച വിശദമായ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ തുക തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-8 <u>ചാവറോഡ് റോഡ് മെയിന്റൻസ്- നിർവ്വഹണം സുതാര്യമല്ല</u>

ഒരു വശം സംരക്ഷണ ഭിത്തികെട്ടി മെറ്റലിംഗ് നടത്തി ടാർചെയ്യുന്നതിനുള്ള ചാവറോഡ് റോഡ് മെയിന്റൻസ് എന്ന പ്രവൃത്തിയുടെ അടങ്കൽ തുക1050000/- രൂപയാണ്. ടി പ്രവൃത്തി ടെൻഡർ ചെയ്തതിൽ ശ്രീ രാജേന്ദ്രൻ നായർ കടുവാങ്കൽ വീട് എന്നയാളുടെ എസ്റ്റിമേറ്റ് നിരക്കിലുള്ള ടെണ്ടർ അംഗീകരിക്കുകയും 12-11-2013ൽ കരാറിലേർപ്പെടുകയും ചെയ്തു. തുടർന്ന് പഞ്ചായത്ത് കമ്മറ്റിയുടെ 27-01-2014 ലെ തീരുമാനപ്രകാരം ടാറിംഗ് പ്രവൃത്തി കോൺക്രീറ്റ് പ്രവൃത്തിയായി എസ്റ്റിമേറ്റ് പരിഷ്കരിച്ച് നിർവ്വഹണം നടത്തി.

ടെൻഡർചെയ്ത എല്ലാറോഡ് കോൺക്രീറ്റ് പ്രവൃത്തികൾക്കും എസ്റ്റിമേറ്റ് നിരക്കിൽ നിന്നും കുറഞ്ഞനിരക്കിലുള്ള ടെൻഡറുകളാണ് ലഭിച്ചിട്ടുള്ളത് എന്നിരിക്കെ ടി സാമ്പത്തിക വർഷത്തിലെ ഏറ്റവും വലിയ മരാമത്ത് പ്രവൃത്തികളിലൊന്നായ ടി പ്രവൃത്തി റീ ടെൻഡർ നടത്താതെ നിർവ്വഹണം നടത്തിയതു സംബന്ധിച്ചും, കോൺക്രീറ്റ് പ്രവൃത്തിയായി നിർവ്വഹണം ആവശ്യമുണ്ടായിരുന്നെങ്കിൽ ആദ്യ എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾതന്നെ അപ്രകാരം ചെയ്യാതിരുന്നതു സംബന്ധിച്ചും വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് 20-10-2015 ൽനല്കിയ ഓഡിറ്റ് അന്വേഷണത്തിന് (11) മറുപടി നല്കിയിട്ടില്ല.. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ഇപ്രകാരമുള്ള പിഴവുകൾ ആവർത്തിക്കാതിരിക്കുന്നതിനും, മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം

സുതാര്യമാക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

## 3-9 ഹൗസ് വേരിഫിക്കേഷൻ ഓഫീസർമാരുടെ ഓണറേറിയം ഇനത്തിൽ ചെലവഴിച്ച 33000/- രൂപ കുടിശ്ശികയായി അവശേഷിക്കുന്നു

സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷന്റെ 28-10-2014-ലെ ഉത്തരവ് പ്രകാരം 2015 പൊതു തെരഞ്ഞെടുപ്പിന്റെ ഭാഗമായി ഹൗസ് വേരിഫിക്കേഷൻ ഓഫീസർമാരായി പ്രവർത്തിച്ചവർക്ക് 500/- രൂപ പഞ്ചായത്ത് വിഹിതവും 1500/- രൂപ കമ്മീഷൻ വിഹിതവും ഉൾപ്പടെ ആകെ 2000/- രൂപ ഓണറേറിയം അനുവദിച്ചിരുന്നു. 02-06-2015 ലെ 27486 ചെക്ക് പ്രകാരം 44000/- രൂപ തനത് ഫണ്ടിൽ നിന്നും പിൻവലിച്ച് 22 ഹൗസ് വേരിഫിക്കേഷൻ ഓഫീസർമാർക്ക് നൽകിയിട്ടുണ്ട് ആയതിൽ സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷന്റെ വിഹിതമായ 33000/- രൂപ (22x1500) നാളിതുവരെ സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷനിൽ നിന്നും ലഭിച്ചതായി കാണുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(4) മറുപടി ലഭ്യമാക്കിയില്ല

## 3-10 വേ-ബിൽ പ്രകാരമുള്ള തുകയിൽ നിന്നും അധികമായി നൽകിയ 11250/- രൂപയുടെ ചെലവ് കരാർ രേഖകളുടെ അഭാവത്തിൽ തടസപ്പെടുത്തുന്നു.

02-03-2015 മുതൽ 31-03-2015 വരെ KL-24J-4776 എന്ന വാഹനം ഗ്രാമപഞ്ചായത്തിന്റെ ആവശ്യത്തിന് വാടകയ്ക്ക് ഉപയോഗപ്പെടുത്തി 3630 കി.മി യാത്ര ചെയ്തതിന് വാഹനമുടമയായ ശ്രീ വിഷ്ണു 32670/- രൂപയുടെ 25 വേ-ബില്ലുകൾ സമർപ്പിച്ചു. വേ-ബിൽ പ്രകാരമുള്ള തുകയിൽ ഡ്രൈവറുടെ വേതനവും മറ്റ് എല്ലാ ചെലവുകളും ഉൾപ്പെടുന്നു എന്നിരിക്കെ 18-04-2015 -ലെ ചെക്ക് നമ്പർ 78 പ്രകാരം 32670/- രൂപ വാഹന വാടകയിനത്തിലും 07-04-2015 – ലെ ചെക്ക് നമ്പർ 2 പ്രകാരം 11250/- രൂപ ഡ്രൈവറുടെ വേതനമിനത്തിലുമായി ആകെ 43920/- രൂപ ശ്രീ വിഷ്ണുവിന് നൽകിയിട്ടുണ്ട്. വേ-ബിൽ പ്രകാരമുള്ള തുകയോടൊപ്പം ഡ്രൈവറുടെ വേതനവുംകൂടി നൽകിയതിന്റെ സാധുത പരിശോധിക്കുന്നതിനായി വാഹനം വാടകയ്ക്കെടുത്തത് സംബന്ധിച്ച ക്വട്ടേഷൻ, വാഹനമുടമയായ ശ്രീ വിഷ്ണുവുമായി ഏർപ്പെട്ട കരാർ എന്നിവ ഓഡിറ്റിൽ ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (3/14.10.2016) മറുപടി ലഭ്യമാക്കാത്ത സാഹചര്യത്തിൽ വേ-ബിൽ പ്രകാരമുള്ള തുകയിൽ നിന്നും അധികമായി നൽകിയ 11250/- രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു.

## 3-11 അവശ്യമരുന്നുകൾ യഥാസമയം വിതരണം ചെയ്യുന്നില്ല.

പ്രോ.നം.100/16 നി.ഉ. മെഡിക്കൽ ഓഫീസർ (സി.എച്ച്.സി)

പാലിയേറ്റിവ് കെയർ

അടങ്കൽ: 420700/- രൂപ

ചെലവ് :390996/- രൂപ

വികസന ഫണ്ട് 62100/-രൂപയും 13-ാം ധനകാര്യ കമമീഷൻ ഗ്രാന്റ് 328896/- രൂപയും ചേർത്ത് ആകെ 390996/-രൂപ ചെലവ് വന്ന പദ്ധതിക്ക്, ഹോംകെയർ പരിചരണം ആവശ്യമുള്ള രോഗികൾക്കും മറ്റുള്ളവർക്കും തുടർച്ചയായ സേവനം നൽകുന്നതിന് കാരുണ്യ മെഡിക്കൽ സർവീസ് കോർപറേഷനിൽ നിന്നും മരുന്ന് വാങ്ങുന്നതിന് 70000/- രൂപയും (ഇൻവോയിസ് നം. 3709/14.3.16, ഡി.ഡി.നം. 040747/23.03.16, എസ്.ബി.റ്റി. കൊട്ടാരക്കര), വൈദ്യസഹായ ഉപകരണങ്ങൾ വാങ്ങുന്നതിന് 33600/- രൂപയും (ഇൻവോയിസ് നം.2711/14.3.16 ഉൾപ്പെടെ 103600/- രൂപ(ബിൽ നം.10/15-16 23.3.16 – 113600/-) നൽകി എന്നാൽ 21.10.16 വരെ മരുന്നോ, ഉപകരണങ്ങളോ ഡിസ്പെൻസറിക്ക് വിതരണം ചെയ്തിട്ടില്ല.

ഡിമാൻഡ് ഡ്രാഫ്റ്റ് ലഭിച്ച് 15 ദിവസത്തിനുള്ളിൽ മരുന്നുകളുടെ ലഭ്യത അനുസരിച്ച് അതാത് ഡിപ്പോകളിൽ നിന്നും ആശുപത്രികളിൽ മരുന്നുകൾ എത്തിക്കുന്നതാണ് എന്ന് മെഡിക്കൽ സർവീസ് കോർപറേഷൻ സമ്മതിച്ചിട്ടുള്ളതാണ്.

2014-15 ലെ പദ്ധതി പ്രകാരം കോർപറേഷൻ 75000/- രൂപയുടെ മരുന്ന് 09/16 ൽ മാത്രമാണ് ലഭ്യമാക്കിയത്. രോഗികളുടെ ശുശ്രൂഷയ്ക്ക് ആവശ്യമായ മരുന്നുകൾ യഥാസമയം വിതരണം ചെയ്യപ്പെടാത്തത് ആശാസ്യമല്ല. മെഡിക്കൽ സർവീസ് കോർപ്പറേഷനുമായി കരാറിൽ ഏർപ്പെട്ട് സമയബന്ധിതമായി മരുന്നുകൾ ലഭ്യമാക്കുവാൻ ശ്രദ്ധ പുലർത്തേണ്ടതാണ്.

## 3-12 'ടീച്ചേർഴ്സ് ബാങ്കി'ന് പകരം വിവര സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തേണ്ടതാണ്.

പ്രൊ. നം.13/16. നിർവ്വഹണ ഉദ്യോഗസ്ഥൻ - ഹെഡ്മാസ്റ്റർ ജി.എൽ.പി.എസ്, പൂവറ്റൂർ വെസ്റ്റ്

തനത് ഫണ്ട്- 1,50,000/-രൂപ

എൽ. പി. സ്കൂളുകളിൽ അവധിയിൽ പ്രവേശിക്കുന്ന അധ്യാപകർക്ക് പകരം ടി.ടി.സി. യോഗ്യതയുള്ള ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുത്ത് വിദ്യാർത്ഥികൾക്ക് പഠനം ലഭ്യമാക്കുന്നതിനാണ് പദ്ധതി നടപ്പാക്കിയിട്ടുള്ളത്. ആയതിലേക്ക് തനത് ഫണ്ടിൽ നിന്നും 1,50,000/-രൂപ ചെലവഴിച്ചിട്ടുണ്ട്(TRY.Ch.No.1800953/05.10.15 Rs.79100/-രൂപ SCB Poovattoor Che.No.15227/05.02.16 Rs.70900/-രൂപ) 06/15 ൽ തെരഞ്ഞെടുത്ത താൽക്കാലിക അധ്യാപകർക്ക് 200/- രൂപ ദിവസ വേതനവും കംപ്യൂട്ടർ, കായിക പരിശീലനം എന്നിവയ്ക്ക് 250/- രൂപ വീതവുമാണ് തുക കണക്കാക്കി നൽകിയത്. ഗ്രാമപഞ്ചായത്തിലെ 3 ഗവ.എൽ.പി. സ്കൂളുകളിലേക്കും 3 എയ്ഡഡ് എൽ.പി. സ്കൂളുകളിലേക്കുമാണ് പദ്ധതി നടപ്പാക്കിയത്.

വിദ്യാർത്ഥികൾക്ക് പഠന നിലവാരം മെച്ചപ്പെടുത്തുവാൻ ഹോണറേറിയമോ വേതനമോ കൂടാതെ സന്നദ്ധ മനോഭാവത്തോടെ പ്രവർത്തിക്കാൻ തയ്യാറുള്ളവരെ സംഘടിപ്പിക്കാനും

അധ്യാപകരുടെ സേവനത്തിന പ്രതിവർഷം 3000/- രൂപ വരെ വികസന ഫണ്ടിൽ നിന്നും ചെലവഴിക്കാനും സ.ഉ.(എം.എസ്) നം.362/13 ത.സ്വ.ഭ.വ തീ. 16.11.2013ൽ നിർദ്ദേശിക്കുന്നുണ്ട്. കൂടാതെ സർക്കുലർ നം. 44667/ ഇ.എം.2/08 ത.സ്വ.ഭ.വ തീ.19.10.2010 പ്രകാരം കൈമാറിയ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അക്കാദമിക്ക് കാര്യങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശങ്ങളോ, നടപടികളോ സ്വീകരിക്കേണ്ടതുണ്ടെങ്കിൽ സർക്കാരിന്റെ പ്രത്യേക അനുമതിയോടെ ഫണ്ടിന്റെ ലഭ്യതയ്ക്ക് അനുസരിച്ചാണ് പദ്ധതി നടപ്പാക്കേണ്ടത് എന്ന് നിഷ്കർച്ചിട്ടുണ്ട്.

ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം.12/18.10.2016) മറുപടി നൽകുകയോ സർക്കാർ അനുമതി ഹാജരാക്കുകയോ ചെയ്തിട്ടില്ല. പ്രൈമറി വിദ്യാർത്ഥികളുടെ പഠന നിലവാരം ഉയർത്തുന്നതിന് കംപ്യൂട്ടർ പരിജ്ഞാനം പ്രയോജനപ്പെടും വിധം വേറിട്ട പദ്ധതികൾ നിബന്ധനകൾക്ക് വിധേയമായി നടപ്പാക്കുകയാണ് ഉചിതം.

## 3-13 <u>അംഗനവാടികളുടെ അടിസ്ഥാന വികസനത്തിന് മുന്തിയ പരിഗണന നൽകുന്നില്ല.</u>

ഗ്രാമപഞ്ചായത്തിൽ ആകെ ഉള്ള 36അംഗനവാടികളിൽ 26 അംഗനവാടികൾക്ക് മാത്രമാണ് സ്വന്തമായി കെട്ടിടങ്ങൾ ഉള്ളത്. ക്രമ നമ്പർ 48,55എന്നീ രണ്ട് അംഗനവാടികളിൽ മാത്രമാണ് വൈദ്യുതി ഉള്ളത്. പാതയോരങ്ങളിൽ സ്ഥിതിചെയ്യുന്ന കെട്ടിടങ്ങളിൽ 16 എണ്ണത്തിന് മാത്രമാണ് ചുറ്റുമതിൽ ഉള്ളത്. ഗ്യാസ് കണക്ഷൻ ഉള്ള ഒരു അംഗനവാടി പോലും ഇല്ല. ക്രമ നംപർ 40, 62 എന്നിവിടങ്ങളിലെ ശുദ്ധജലക്ഷാമം പരിഹരിക്കപ്പെട്ടിട്ടില്ല. 20- ഓളം അംഗനവാടികൾ മെയിന്റനൻസ് ആവശ്യമായ നിലയിലാണ്.

സ.ഉ.(എം.എസ്)നം.362/2013 ത.സ്വ.ഭ.വ. തീ.16.11.2013 അനുബന്ധം 1.9(i) ൽ ശിശുക്ഷേമത്തിന് സ്ഥലം,കെട്ടിടം, കുടിവെള്ളം,ഫർണിച്ചർ, മറ്റ് ഭൗതിക സൗകര്യങ്ങൾ എന്നിവ ലഭ്യമാക്കുന്നതിന് പ്രാധാന്യം നൽകണമെന്ന് സൂചിപ്പിക്കുന്നുണ്ട്. നബാർഡ് ഐ.ആർ.ഡി.എഫ്. സ്കീമിൽ സാമൂഹ്യനീതിവകുപ്പ് നടത്തുന്ന അംഗനവാടി കെട്ടിട നിർമാണത്തിന് ശ്രമിക്കാവുന്നതാണ്. സർ.നം. 31055/ഡി. സി.2/2011ത.സ്വ.ഭ.വ. തീ.22.3.2011 പ്രകാരം അംഗനവാടികളുടെ വാർഷിക അറ്റകുറ്റപ്പണി , സുരക്ഷിതത്വ സംവിധാനങ്ങൾ എന്നിവ ഉറപ്പാക്കുവാൻ പുറപ്പെടുവിച്ചിട്ടുള്ള നിർദ്ദേശിങ്ങൾ പാലിക്കേണ്ടതും അംഗനവാടികളുടെ അടിസ്ഥാന സൗകര്യവികസനത്തിന് പ്രഥമ പരിഗണന നൽകേണ്ടതുമാണ്.

## 3-14 <u>കന്നുകുട്ടി പരിപാലന പദ്ധതി- വിനിയോഗവിവരങ്ങൾ ലഭ്യമല്ല **-300000/-** രൂപ തടസ്സപ്പെടുത്തുന്നു.</u>

പ്രോജക്ട്.നം. 52/16 നിർവ്വഹണ ഉദ്യോഗസ്ഥൻ- വെറ്റിനറി സർജൻ

വികസന ഫണ്ട്- 300000/-രൂപ

48 ഗുണഭോക്താക്കൾക്ക് 6250/- വീതം ആകെ 300000/-[ബിൽ.നം.01/15-16

തീ31.12.15] കന്നുകുട്ടി പരിപാലന പദ്ധതിയുടെ നിർവഹണത്തിന് അസിസ്റ്റന്റ് ഡയറക്ടർ, സി.എഫ്.എസ്.എസ്, കൊട്ടിയം പേർക്ക് നൽകിയിട്ടുണ്ട്. എന്നാൽ തുക വിതരണം ചെയ്തതിന്റെ രേഖകൾ, കൈപ്പറ്റ് രശീത് എന്നിവയും പദ്ധതി നിർവഹണം സംബന്ധിച്ച വിനിയോഗ സാക്ഷ്യ പത്രവും ഓഡിറ്റിന് നൽകിയിട്ടില്ല. വിനിയോഗ സർട്ടിഫിക്കറ്റിന്റെ അഭാവത്തിൽ 300000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു

## 3-15 വിദ്യാജ്യോതി-പദ്ധതി രേഖകൾ ഹാജരാക്കിയില്ല-75000/- രൂപ തടസ്സപ്പെടുത്തുന്നു

പ്രോ.നം. 229/16 നിർവ്വഹണ ഉദ്യോഗസ്ഥൻ - ഹെഡ്മാസ്റ്റർ, ജി.എൽ.പി.എസ്, പൂവറ്റൂർ

തനത് ഫണ്ട്- 75000/-രൂപ

തെരഞ്ഞെടുക്കപ്പെട്ട പ്രൈമറി വിദ്യാർത്ഥികൾക്ക് ശാസ്ത്രീയ സംഗീതം, ലളിതഗാനം, നൃത്തപഠനം എന്നിവ അഭ്യസിപ്പിക്കുന്നതിന് തനത് ഫണ്ടിൽ നിന്നും 75000/- രൂപ ചെലവഴിച്ചിട്ടുണ്ട്(TRY.Chq.No.1800952/5.10.2015-10800/-, chq.No. 4020577/ 9.2.16-64200/-രൂപ)

പദ്ധതി സംബന്ധിച്ച അപാകതകൾ

സംഗീത അധ്യാപിക സി.അമ്പിളി, നൃത്തപരിശീലക സോഫിയാനാഥ് എന്നിവർക്ക് പ്രതിദിനം 900/-രൂപ നിരക്കിൽ 25 ദിവസത്തേക്ക് 22500/-രൂപ വീതം നൽകാനാണ് കരാർ പ്രകാരം തീരുമാനിച്ചിട്ടുള്ളത്. എന്നാൽ ഇവരുടെ പരിശീലന കാലയളവ് പരിശോധിയ്ക്കുന്നതിന് ഹാജർ ബുക്ക്, മസ്റ്റർ റോൾ എന്നിവ ലഭിച്ചില്ല, പരിശീലകരെ തെരഞ്ഞെടുക്കപ്പെട്ട മാനദണ്ഡം, പരിശീലന കാലയളവ് നിർണ്ണയം എന്നീ തീരുമാനങ്ങൾ ഹാജരാക്കിയില്ല. കുട്ടികൾക്ക് സർട്ടിഫിക്കറ്റ് വിതരണം ചെയ്തതിന്റെയും തുടർ പരിശീലനം നൽകിയതിന്റെയും രേഖകൾ നൽകിയിട്ടില്ല.

സ.ഉ.(എം.എസ്) നം.362/2013/LSGD dt.16.11.2013 പ്രകാരം പ്രൈമറി വിദ്യാർത്ഥികളുടെ സർഗ്ഗശേഷി വികസിപ്പിക്കുന്നതിനുതകുന്ന പരിപാടികൾ എസ്.എസ്.എ നടപ്പാക്കി വരുന്നുണ്ട്. ഇത്തരം പരിപാടികൾ എസ്.എസ്.എ പ്രോജക്ടിൽ ഉൾപ്പെടുത്തി നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

കരാർ അനുസരിച്ച് പരിശീലകർക്ക് 22500/- രൂപ വീതം 45000/- രൂപയാണ് നൽകേണ്ടത്. എന്നാൽ ഇരുവർക്കും ചുവടെ ചേർക്കും പ്രകാരം തുക നൽകിയിട്ടുണ്ട്.

| ക്രമ നം. | പേര് | ഡി.ഡി. നം./തീയതി | തുക |
|---|---|---|---|
| 1 | ബി.അമ്പിളി | 039765/16/2/16<br>എസ്.ബി.റ്റി. കൊട്ടാരക്കര | 32100/- |
| | | 036862/16.1.2016 | 5400/- |

| | | | |
|---|---|---|---|
| | | എസ്.ബി.റ്റി. കൊട്ടാരക്കര | |
| 2 | സോഫിയാനാഥ് | 036863/16.1.16<br>എസ്.ബി.റ്റി. കൊട്ടാരക്കര | 5400/- |
| | | 039765/16.2.16<br>എസ്.ബി.റ്റി. കൊട്ടാരക്കര | 32100/- |
| | | ആകെ | 75000/- |

30000/- രൂപ (75000-45000) അധികം നൽകാനുണ്ടായ സാഹചര്യം വ്യക്തമല്ല. പദ്ധതി സംബന്ധിച്ച വിവരങ്ങൾ ഹാജരാക്കാത്തതിനാൽ ചെലവഴിച്ച 75000/-രൂപ തടസ്സപ്പെടുത്തുന്നു.

## 3-16 എൽ. പി.സ്കൂളുകളിൽ വായനാമുറി-മാഗസിൻ വിതരണം ചെയ്യാത്ത സ്ഥാപനത്തിന് തുക നൽകി-120000/-രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്റ്റ്.നം.15/16

നിർവ്വഹണ ഉദ്യോഗസ്ഥൻ -ഹെഡ്മാസ്റ്റർ,ജി.എൽ.പി.എസ്,പൂവറ്റൂർ വെസ്റ്റ്

ബിൽ.നം. 01/15-16 തീ.15.10.15-120000/-രൂപ

വായന പ്രോത്സാഹിപ്പിക്കപ്പെടുന്നതിന് രൂപീകരിച്ച പദ്ധതി നിർവഹണം സംബന്ധിച്ച് അപാകതകൾ ചുവടെ ചേർക്കുന്നു.

1) കുട്ടികളുടെ പ്രസിദ്ധീകരണമായ തളിര് മാഗസിൻ വിതരണം നടത്തുന്നതിന് പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനം പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

2)9 ഗവ.എൽ.പി.സ്കൂളുകൾക്ക് പുറമേ, 3 എയ്ഡഡ് എൽ.പി. സ്കൂളുകളെയും 4 എയ്ഡഡ് യു.പി. സ്കൂളുകളെയും നിർവഹണ പരിധിയിൽപ്പെടുത്തിയ സാഹചര്യം വ്യക്തമാക്കിയിട്ടില്ല.

3)16 വിദ്യാലയങ്ങളിലെ ആകെ 750 കുട്ടികൾക്ക് 12 മാസത്തെ തളിര് മാഗസിൻ പ്രതിവർഷം 160/- നിരക്കിൽ നല്കുന്നതിന് [160x750-120000] ഗ്രന്ഥപ്പുര സാംസ്കാരിക സമിതി, ചിന്നക്കട താല്പര്യം പ്രകടിപ്പിച്ചത് അംഗീകരിച്ചതായി ഫയലിൽ സൂചിപ്പിച്ചിട്ടുണ്ട്. ഗ്രന്ഥപ്പുര മാനേജർ ശ്രീമതി.ഷൈലശ്രീ.ഒ പേർക്ക് DD.No.036805/15.10.15,SBT, കൊട്ടാരക്കര പ്രകാരം 120000/- രൂപ നൽകിയിട്ടുണ്ട്.

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചിൽഡ്രൻസ് ലിറ്ററേച്ചറിന്റെ ചിന്നക്കടയിലുള്ള പ്രൊമോട്ടേഴ്സ് ഓഫീസിന്റെ ബിൽ.നം.728/06.11.15 പ്രകാരമാണ് സെക്രട്ടറി പേർക്ക് പുസ്തകങ്ങൾ വിതരണം ചെയ്തിട്ടുള്ളത്. എന്നാൽ ടി സ്ഥാപനത്തിൽ നിന്നുള്ള ക്വട്ടേഷൻ നിരസിക്കപ്പെട്ടതാണ്. ആ സ്ഥാപനത്തിൽ നിന്നും പ്രസിദ്ധീകരണങ്ങൾ വാങ്ങുകയും ആയതിന്റെ തുക മറ്റൊരു ഏജൻസിക്ക് നൽകുകയുമാണ് ചെയ്തിട്ടുള്ളത്.

ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്, പ്രസിദ്ധീകരണങ്ങൾ വിതരണം ചെയ്തതിന്, തുക ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുന്ന യാതൊരു വിവരങ്ങളും ലഭിച്ചിട്ടില്ല. ഈ വിഷയത്തിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭിച്ചിട്ടില്ല. ചെലവ് രേഖകളുടെയും വിശദാംശങ്ങളുടെയും അഭാവത്തിൽ ഇതിലേക്ക് ചെലവഴിച്ച 120000/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. തുകയുടെ ശരിയായ വിനിയോഗം ബോധ്യപ്പെടാത്ത പക്ഷം നിർവഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി കണക്കാക്കുന്നതാണ്.

## 3-17 പദ്ധതി നിർവ്വഹണത്തിന് ശേഷവും നിർവ്വഹണ ഉദ്യോഗസ്ഥന്റെ അക്കൗണ്ടിൽ വൻതുക ശേഷിക്കുന്നു.

വെറ്റിനറി സർജന്റെ പേരിൽ എസ്.ബി.ടി. കൊട്ടാരക്കരയിൽ പരിപാലിച്ചു വരുന്ന സേവിംഗ്സ് ബാങ്ക് അക്കൗണ്ട് നം. 67143180232 ൽ 31.3.2016 ൽ നീക്കിയിരുപ്പുള്ളത് 4208806/- രൂപയാണ്. വിവിധ പദ്ധതികൾക്ക് സബ്സിഡിയും അർഹമായ തുകയും നൽകി പദ്ധതിപ്പണം 6740500/- രൂപ പൂർണ്ണമായും വിനിയോഗിച്ചത് 08.07.16 നാണ്. അന്നേ ദിവസം അക്കൗണ്ടിൽ ശേഷിക്കുന്നത് പലിശ ഇനത്തിൽ 15113/- രൂപയും മുൻബാക്കിയുമുൾപ്പെടെ 54273/- രൂപയാണ്. പദ്ധതി നിർവ്വഹണത്തിനാവശ്യമായ എല്ലാ തുകകളും സാമ്പത്തിക വർഷാവസാനത്തിന് മുൻപ് പിൻവലിക്കുകയും 2016-17 ലെ വിവിധ തീയതികളിൽ വിതരണം നടത്തുകയുമാണ് ചെയ്തിട്ടുള്ളത്. തൻമൂലം അക്കൗണ്ടിൽ പലിശ ഇനത്തിലാണ് ഭീമമായ തുക ശേഷിക്കുന്നത്. എന്നാൽ ഇത് ധനവിനിയോഗ ചട്ടങ്ങൾക്ക് വിരുദ്ധമാണ്.

ജി.ഒ.(പി)177/2006 ധന തീ.12.04.2006, ജി.ഒ(പി)119/2015 ധന തീ.21.03.2015 എന്നിവ പ്രകാരം പദ്ധതി നിർവ്വഹണത്തിന് നിർവ്വഹണ ഉദ്യോഗസ്ഥന്റെ പേരിൽ ദേശസാൽകൃത ബാങ്കിൽ ആരംഭിക്കുന്ന അക്കൗണ്ടിൽ നിക്ഷേപിക്കപ്പെടുന്ന തുക ഉടൻ തന്നെ ഡി.ഡി. വാങ്ങി ബന്ധപ്പെട്ടവർക്ക് നൽകേണ്ടതാണ്. 30 ദിവസത്തിലധികമായി സൂക്ഷിച്ചിരിക്കുന്ന ക്യാഷ്/ഡി.ഡി. തുകകൾ ട്രഷറി ചെലാൻ മുഖേന തിരിച്ചടവാക്കേണ്ടതും സാമ്പത്തിക വർഷാവസാനം വിതരണം ചെയ്യാനാകാത്ത തുക ട്രഷറി ചെലാൻ മുഖേന തിരിച്ചടവാക്കേണ്ടതുമാണ്. മുൻകൂർ തുക പിൻവലിക്കുകയും പദ്ധതി നിർവ്വഹണത്തിൽ കാലതാമസം വരുത്തുകയും ചെയ്തതിനാലാണ് പലിശയിനത്തിൽ വൻ തുക ശേഷിക്കുന്നതിന് കാരണമായിട്ടുള്ളത്. നിർവ്വഹണ ഉദ്യോഗസ്ഥന്റെ അക്കൗണ്ടിൽ 1000/- രൂപയിലധികം അവശേഷിപ്പിക്കാൻ പാടുള്ളതല്ല. ആയതിനാൽ വെറ്റിനറി സർജന്റെ അക്കൗണ്ടിൽ നീക്കിയിരുപ്പുള്ള അധിക തുക സംസ്ഥാന സർക്കാരിലേക്ക് തിരിച്ചടവാക്കേണ്ടതാണ്. പദ്ധതി നിർവ്വഹണത്തിൽ ധനവിനിയോഗ ചട്ടങ്ങൾ കർശനമായി പാലിക്കപ്പെടേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ | ലഭിച്ച | പദ്ധതി പേര്,നം | ചെലവഴിച്ച | നീക്കിയിരിപ്പ് |
|---|---|---|---|---|

| സ്ഥാപനം | തുക | | തുക | |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത്, കൊല്ലം | 97500 | സമഗ്ര നെൽകൃഷി വികസനം | 97500 | 0 |

## 4-2 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിയ്ക്കാൻ അവശേഷിക്കുന്നത്

ഇല്ല

## 4-4 വായ്പ/വിനിയോഗം/വീഴ്ചകൾ എന്നിവയുടെ വിവരം.

| ക്രമ നം. | 2015-16 ൽ ലഭിച്ച വായ്പ തുക | ഉദ്ദേശ്യം | നിശ്ചിത കാലാവധി-യിൽ ചെലവഴിച്ച തുക | വിനിയോ-ഗിയ്ക്കാനവശേഷിയ്ക്കുന്നത് | ഉദ്ദേശ്യലക്ഷ്യം നേടിത് സംബന്ധിച്ച വിവരം. |
|---|---|---|---|---|---|
| 1 | 8100000 | ഇ.എം.എസ് ഭവനപദ്ധതി | 8100000 | - | പൂർത്തിയാക്കാൻ അവശേഷിക്കുന്നു |

ii) വായ്പ തിരിച്ചടവിന്റെ വിവരം.

| ക്രമ നം. | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് ഉത്തരവ് നം./തിയ്യതി | വായ്പ തുക | തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1. | ഇ.എം.എസ് ഭവനപദ്ധതി | ജി.ഒ. (എം.എസ്) 522/10 /ത.സ്വ.ഭ.വ തീയതി 17.02.2010 | 8100000 | 1553200 | 753200 | 188435 | 800000 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം 6100/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേര് | രസീത് നമ്പർ തീയതി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 2014-15 | 3-9 | 6100 | ബിനു അലക്സാണ്ടർ | 11501102884/ 27-10-15 1200/-രൂപ 11501102883/27-10-2015 4900/-രൂപ |
| | | | ആകെ | 6100 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശംങ്ങൾ

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം, ഖണ്ഡിക നം | സമാഹൃത റിപ്പോർട്ട് വർഷം, ഖണ്ഡിക നം | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|
| 2010-11 | 2012-13,ഖണ്ഡിക 4.1(1) | പട്ടികജാതി സർവ്വീസ് സഹകരണ സൊസൈറ്റിക്ക് പേപ്പർബാഗ് നിർമ്മാണ യൂണിറ്റ് പദ്ധതി ലക്ഷ്യം കൈവരിച്ചില്ല. | നിലവിലെ സ്ഥിതി ലഭ്യമല്ല. |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 136608434 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 178907951 |
| വരവിനങ്ങളിലുള്ള നഷ്ടം | 43500 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 199800 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3240240 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി- യിലേയും സി- യിലേയും തുകയാണ്. )

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിൻെറ വിവരം

| ഖണ്ഡിക നമ്പർ | ചാർജ്ജ് ചെയ്യാവുന്ന തുക | സർചാർജ്ജ് ചെയ്യാവുന്ന തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 2-2 | 43500 | | ശ്രീമതി വി അജിത,സെക്രട്ടറി |
| 3-3 | | 98080 | ശ്രീമതി വി അജിത,സെക്രട്ടറി |
| 3-4 | | 100000 | ശ്രീമതി വി അജിത,സെക്രട്ടറി |
| 3-6 | | 1720 | ശ്രീമതി വി അജിത,സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 733990 | ശ്രീമതി.അനിത എസ്, അസി. എഞ്ചിനീയർ |
| 3-7 | 2000000 | ശ്രീ പി ജയപ്രകാശ്, സെക്രട്ടറി |
| 3-10 | 11250 | ശ്രീമതി വി അജിത,സെക്രട്ടറി |
| 3-14 | 300000 | ഡോ.ബിന്നി സാമുവൽ, വെറ്റിറനറി സർജൻ |
| 3-15 | 75000 | ശ്രീമതി.മറിയാമ്മ.പി.എസ്, ഹെഡ്മിസ്ട്രസ്, ജി.എൽ.പി.എസ്, പൂവറ്റൂർ വെസ്റ്റ് |
| 3-16 | 120000 | ശ്രീമതി.മറിയാമ്മ.പി.എസ്, ഹെഡ്മിസ്ട്രസ്, ജി.എൽ.പി.എസ്, പൂവറ്റൂർ വെസ്റ്റ് |

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിൻെറ വിവരം

ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി വി അജിത,സെക്രട്ടറി | ലഭ്യമാക്കിയില്ല | നിതാർദ്രക്ക് ഹെർമിറ്റ്, പന്തപ്ലാവ്, പട്ടാഴി പി.ഒ |

ശ്രീമതി വി അജിത,സെക്രട്ടറിയുടെ ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1995-96 | എൽ.എഫ്.ക്യൂ. പി.3 / 1363 (4) / 4, തീയതി. 24.06.2014 |
| 1996-97 | എൽ.എഫ്.ക്യൂ. പി.3 / 88 (1) / 08, തീയതി. 21.02.2009 |
| 1998-99 | എൽ.എഫ്.ക്യൂ. പി.3 / 1363/14 തീയതി. 24.06.2014 |
| 1999-00 | എൽ.എഫ്.ക്യൂ. പി.3 / 1363/14 തീയതി. 24.06.2014 |
| 2000-01 | എൽ.എഫ്.ക്യൂ. പി.3 / 1363/14 തീയതി. 24.06.2014 |
| 2001-02 | എൽ.എഫ്.ക്യൂ. പി.3 / 1363/14 തീയതി. 24.06.2014 |

| | |
|---|---|
| 2002-03 | എൽ.എഫ്.ക്യൂ. പി.3 / 1363/14 തീയതി. 24.06.2014 |
| 2003-04 | എൽ.എഫ്.ക്യൂ. പി.3 / 1363/14 തീയതി. 24.06.2014 |
| 2004-05 | എൽ.എഫ്.ക്യൂ. പി.3 / 1363/14 തീയതി. 24.06.2014 |
| 2005-06 | എൽ.എഫ്.ക്യൂ. പി.3 / 1363/14 തീയതി. 24.06.2014 |
| 2006-07 | എൽ.എഫ്.ക്യൂ. പി.3 / 1363/14 തീയതി. 24.06.2014 |
| 2007-08 | എൽ.എഫ്.ക്യൂ. പി.3 / 1363/14 തീയതി. 24.06.2014 |
| 2008-09 | എൽ.എഫ്.ക്യൂ. പി.3 / 1363/14 തീയതി. 24.06.2014 |
| 2009-10 | എൽ.എഫ്.ക്യൂ. പി.3 / 1363/14 തീയതി. 24.06.2014 |
| 2010-11 | എൽ.എഫ്.ക്യൂ. പി.3 / 1363/14 തീയതി. 24.06.2014 |
| 2011-12 | എൽ.എഫ്.ക്യൂ. പി.3 / 2062/13 തീയതി. 15.02.2014 |
| 2012-03 | എൽ.എഫ്.ക്യൂ. പി.3 / 2062/13 തീയതി. 15.02.2014 |
| 2013-14&2014-15 | കെ എസ് എ ,കെ എൽ എംപി 3-850-2016 തീ02-06-2016 |

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## <u>അനുബന്ധം1</u>

## <u>സാക്ഷ്യപത്രം **2015-2016**</u>

കെ.എസ്.എ. കെ.എൽ.എം - പി. 8–1755 / 16 തീയതി – 27.12.2016

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4- ാംവകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കൊല്ലം ജില്ലയിലെ കുളക്കട ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കൊല്ലം ജില്ലയിലെ കുളക്കട ഗ്രാമ പഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യ പത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.